05 NOV 2021

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - പാലക്കാട് ജില്ലാ ആശുപത്രിയിലെ ഇ.എൻ.റ്റി വിഭാഗം കൺസൾട്ടന്റ് ഡോ.എ.ഷറഫുദ്ദീൻ ഫയൽ ചെയ്ത OA (EKM) No.279/2021-മേലുള്ള ബഹു:അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 09.02.2021 -ലെ വിധിന്യായം അനുപാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.2360/2021/ആ.കു.വ തീയതി,തിരുവനന്തപുരം, 30/10/2021

---

പരാമർശം:-

1. ഡോ.ഷറഫുദ്ദീൻ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ സമർപ്പിച്ച 18.02.2021-ലെ അപേക്ഷ (Annexure-A5)
2. ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 09.02.2021-ലെ OA (EKM) No.279/2021 നമ്പർ വിധിന്യായം.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 08.04.2021-ലെ ഇ.എ1-16630/2021/ആവഡ നമ്പർ കത്ത്.

ഉത്തരവ്

ആരോഗ്യ വകുപ്പിലെ ഇ.എൻ.ടി വിഭാഗം സ്പെഷ്യലിസ്റ്റ് ഡോ.ഷറഫുദ്ദീനെ 21.12.2020-ലെ സ.ഉ (സാധാ) നം. 2358/2020/ആകുവ ഉത്തരവ് പ്രകാരം കൺസൾട്ടന്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി പാലക്കാട് ജില്ലാ ആശുപത്രിയിൽ നിയമിച്ചിരുന്നു. എന്നാൽ മെഡിക്കൽ ഓഫീസറുടെ ആരോഗ്യ പ്രശ്നങ്ങൾ കണക്കിലെടുത്തും, 30.04.2022-ന് സർവ്വീസിൽ നിന്നും വിരമിക്കുന്നതിനാലും, കൊല്ലം ജില്ലയിൽ നിയമിക്കണമെന്ന് ഡോ.ഷറഫുദീൻ പരാമർശം (1) കത്ത് പ്രകാരം സർക്കാർ മുമ്പാകെ അപേക്ഷ സമർപ്പിക്കുകയും, ആയതിലേയ്ക്ക് ബഹു:ട്രിബ്യൂണൽ മുമ്പാകെ OA (EKM) No.279/2021 ഫയൽ ചെയ്യുകയും ചെയ്തിരുന്നു. ബഹു:ട്രിബ്യൂണലിന്റെ പരാമർശം (2) വിധിന്യായത്തിൽ മെഡിക്കൽ ഓഫീസറുടെ അപേക്ഷയിന്മേൽ ഉചിതമായ തീരുമാനമെടുക്കുവാൻ ബഹു:ട്രിബ്യൂണൽ സർക്കാരിനോട് നിർദ്ദേശിച്ചിരിക്കുന്നു.

2) കൊല്ലം പുനലൂർ താലൂക്കാശുപത്രിയിൽ നിലവിൽ ഇ.എൻ.ടി വിഭാഗം കൺസൾട്ടന്റ് തസ്തികയിൽ ഒഴിവുണ്ടെന്നും, എന്നാൽ പ്രസ്തുത സ്ഥാപനത്തിലേയ്ക്ക് പത്തനംതിട്ട ജനറൽ ആശുപത്രിയിലെ ഇ.എൻ.ടി വിഭാഗം കൺസൾട്ടന്റ് ഡോ.എബി ജോണും സ്ഥലംമാറ്റം ആവശ്യപ്പെട്ടിട്ടുണ്ടെന്നും പരാമർശം (3) കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിക്കുകയുണ്ടായി. ഡോ.എബി ജോൺ 01.07.2015-ലും, ഡോ.ഷറഫുദ്ദീൻ.എ 06.02.2021-ലുമാണ് കൺസൾട്ടന്റ് തസ്തികയിൽ പ്രവേശിക്കുന്നത്. ഡോ.എബി ജോണിന്റെ വാസസ്ഥലം കൊല്ലം ജില്ലയിൽ ആണെങ്കിലും, ജോലിയിൽ പ്രവേശിച്ച കാലം മുതൽ നാളിതുവരെ പത്തനംതിട്ട ജില്ലയിലാണ് ജോലി നോക്കി വരുന്നതെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ ഡോ.ഷറഫുദ്ദീൻ സർവ്വീസിലെ ഭൂരിഭാഗം കാലയളവും കൊല്ലം ജില്ലയിലാണ് ജോലി

നോക്കിയിരുന്നത്. 06.02.2021-ൽ കൺസൾട്ടന്റ് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ചപ്പോഴാണ് പത്തനംതിട്ട ജില്ലയിൽ നിയമിതനായത്.

3) മേൽ വിവരങ്ങൾ കണക്കിലെടുത്ത് കൊല്ലം പുനലൂർ താലൂക്കാശുപത്രിയിൽ നിലവിൽ ഒഴിവുള്ള ഇ.എൻ.ടി വിഭാഗം കൺസൾട്ടന്റ് തസ്തികയിൽ പത്തനംതിട്ട ജനറൽ ആശുപത്രിയിലെ ഇ.എൻ.ടി വിഭാഗം കൺസൾട്ടന്റ് ഡോ.എബി ജോണിനെ നിയമിച്ചും, കൊല്ലം ജില്ലയിൽ ഇ.എൻ.ടി വിഭാഗം കൺസൾട്ടന്റ് തസ്തികയിൽ തൊട്ടടുത്തുണ്ടാകുന്ന ഒഴിവിൽ ഡോ.ഷറഫുദ്ദീനെ നിയമിക്കുന്നതിനായുള്ള ശിപാർശ സമർപ്പിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവാകുന്നു.

4) ഡോ.എ.ഷറഫുദ്ദീൻ ഫയൽ ചെയ്ത OA (EKM) No.279/2021 -മേലുള്ള 09.02.2021-ലെ ബഹു: അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ്.സി.ഡി
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) കൊല്ലം / പത്തനംതിട്ട / പാലക്കാട്.
ഡോ.ഷറഫുദ്ദീൻ, കൺസൾട്ടന്റ് (ഇ.എൻ.ടി), പയറ്റിൻകോഡ് വീട്,
187 ഭാരത് നഗർ, ഇരവിപുരം.പി.ഒ, കൊല്ലം - 691 011.
ഡോ.എബി ജോൺ, കൺസൾട്ടന്റ് (ഇ.എൻ.ടി), ജനറൽ ആശുപത്രി, പത്തനംതിട്ട.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
[signature]
സെക്ഷൻ ഓഫീസർ

മേലെഴുതിയത് നമ്പർ. ഇ.എ1 - 16630/2021 / ആരോഗ്യ, തീയതി: 10.11.2021.

പകർപ്പ് അറിവിലേക്കും തുടർനടപടികൾക്കുമായി [illegible].

[signature]
ആരോഗ്യ വകുപ്പ് ഡയറക്ടർക്കുവേണ്ടി.

10/11.